വിചിത്രവുമായ രീതിയിൽ അപ്പർ ഏജ് ലിമിറ്റ് ഫിക്സ് ചെയ്യുന്നത് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 27.5.1999-ലെ ജി.ഒ (ഘല പി) 155/99 എച്ച് ആന്റ് എഫ് ഡബ്ലിയു.ഡി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരളാ സ്റ്റേറ്റ് ഹോമിയോപ്പതി സബോർഡിനേറ്റ് സർവ്വീസ് ഭേദഗതി നിയമം അനുസരിച്ച് മെഡിക്കൽ ആഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 35 വയസായി നിശ്ചയിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് പ്രായപരിധി ബാധകമല്ല. 1997-ന് മുൻപ് ഹോമിയോ ഡോക്ടർമാരെ നിയമനത്തിന് ലഭിക്കാതിരുന്ന ഘട്ടത്തിൽ ഉയർന്ന പ്രായ പരിധി 41 വയസ്സായി നിശ്ചയിച്ചിരുന്നു. 1969-ൽ ഇത് 31 വയസ്സായി കുറച്ചു. തുടർന്ന് 1999-ൽ മെഡിക്കൽ ഓഫീസർ തസ്തിക കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസിന് രൂപം നൽകിയപ്പോൾ ഉയർന്ന പ്രായപരിധി 35 വയസ്സായി നിജപ്പെടുത്തി. ഈ പ്രായപരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(5) ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എൻ. ആർ. ബാലൻ : സർ, 25 വർഷങ്ങൾക്കു മുൻപുള്ള, 1975-ൽ സ്വയംഭരണ സ്ഥാപനമായി കേരള സർക്കാർ സ്ഥാപിച്ചതാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. 1981 മുതൽ ഈ സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻമാർക്ക് കേന്ദ്ര നിരക്കിലുള്ള ശമ്പളവും സേവന വേതനവും മറ്റു ജീവനക്കാർക്ക് അതിനു സമാനമായ ശമ്പള ഘടനയും വ്യവസ്ഥയുമാണ് നിലവിലുള്ളത്. 25 വർഷത്തോളം പിന്നിട്ടിട്ടും ഈ സ്ഥാപനത്തിലെ ജീവനക്കാർക്ക് കേരള സർക്കാരിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2.12.1996 വരെ ഈ സ്ഥാപനത്തിൽ സി.പി.എഫ്. സ്കീം ഇ.പി.എഫ്. ആക്കി മാറ്റിയിരിക്കുകയാണ് ഇതുമൂലം ഈ സ്ഥാപനത്തിന് വൻ സാമ്പത്തിക നഷ്ടവും ജീവനക്കാർക്ക് വളരെയേറെ പ്രയാസവും ഉണ്ടായിട്ടുണ്ട്. 18 ലക്ഷം രൂപയോളം ഫണ്ട് വിഹിതവും രണ്ട് ലക്ഷംരൂപയോളം ഭരണ ചെലവിലേക്കുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇ.പി.എഫ് ഫണ്ടിലേക്ക് പ്രതിവർഷം അടച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമെന്നു പറഞ്ഞ് ഓരോ ജീവനക്കാരിൽ നിന്നും എണ്ണായിരം മുതൽ പതിനായിരം രൂപ വരെ സി.പി.എഫ്. അക്കൗണ്ടു മൂലധനത്തിൽ നിന്നും കുറയുകയും ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുണ്ടായിരുന്ന സി.പി.എഫ്, ഫണ്ട് ഇ.പി.എഫിൽ നിന്നും കേരള സർക്കാർ ഏറ്റെടുത്ത് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരാതെ ജീവനക്കാരുടെ പണംകൊണ്ട് തന്നെ ഈ സ്ഥാപനത്തിന് പെൻഷൻ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ആയതുകൊണ്ട് ദീർഘകാലാത്തെ സേവനത്തിന് ശേഷം സർക്കാരിൽ നിന്നും വിരമിച്ചു പോകുന്ന കെ.എഫ്.ആർ.ഐയിലെ ജീവനക്കാർക്ക് ഒരു ആശ്വാസമെന്ന നിലയിൽ കേരള സർക്കാരിന്റെ പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള എട്ട് ഗവേഷണ വികസന സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ ഒന്നാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഈ സ്ഥാപനത്തിലും കുന്നമംഗലം ജല വിഭവ വികസന കേന്ദ്രത്തിലും പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഈ കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഗവേഷണ വികസന സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ ജീവനക്കാർ അല്ല. തൊഴിൽ ഉടമകളുടെ വിഹിതം നൽകിക്കൊണ്ടാണ് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതി ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും സർക്കാർ സാമ്പത്തിക സഹായത്തിനായി നിലനിൽക്കുന്ന ഇത്തരം സ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷൻ നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. അതിനാൽ പെൻഷൻ സ്കീം നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

(6) പിറവം ബസൈലിയസ് പൗലോസ് കത്തോലിക്കാസ് ദ്വിതീയൽ കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

<u>ശ്രീ. ടി.എം. ജേക്കബ്</u> : പിറവം ബി.പി.സി. കോളേജിലെ വിദ്യാർത്ഥികളെ കഴിഞ്ഞ ദിവസം പ്രൈവറ്റ് ബസ് തൊഴിലാളികൾ, സി.ഐ.ടി.യു, വിഭാഗത്തിൽപ്പെടുന്ന ആളുകൾ അകാരണമായി മർദ്ദിച്ചതിന്റെ പേരിൽ അവിടെ ഇപ്പോഴും സംഘർഷം നിലനിൽക്കുകയാണ്. ഈ മർദ്ദനത്തിൽ അവിടത്തെ യൂണിയൻ ചെയർമാൻ ഗ്ലെൻ തുടങ്ങിയ നിരവധി കുട്ടികൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. ഈ സംഭവത്തിന്റെ തുടക്കമെന്നു പറയുന്നത് 29-ാം തീയതി എറണാകുളം കൂത്താട്ടുകുളം റൂട്ടിൽ ഓടുന്ന ഒരു ബസ് കോളേജിന്റെ മുൻപിൽ നിർത്താതെ ഓടിച്ചുപോയി. കുറെ ദൂരം പോയിട്ട് അവിടെ നിർത്തി കുട്ടികളെ ഇറക്കി വിട്ടു. ഈ ബസ് തിരികെ വന്ന അവസരത്തിൽ കുട്ടികൾ ബസ്സിനെ തടഞ്ഞു. സ്വാഭാവികമായിട്ട് ഉണ്ടാകാവുന്ന ഒരു പ്രശ്നം മാത്രമാണ്. തുടർന്ന് വണ്ടികൾ അവിടെ നിർത്താമെന്ന് പറഞ്ഞ് അവർ തന്നെ ഉറപ്പു നൽകി വണ്ടി മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ അതിന്റെ അടുത്ത ദിവസം 1-ാം തീയതി രാവിലെ കോളേജിന്റെ മുന്നിൽ കൂടി പോകുന്ന വണ്ടികളും ബസ്സുകളും ഓടാൻ പാടില്ല എന്നുള്ള ഒരു സമീപനം സി.ഐ.ടി.യു തൊഴിലാളികൾ സ്വീകരിച്ചു. അതുകഴിഞ്ഞ് ഈ ബസ്സിൽ വന്ന കോളേജിലെ കുട്ടികളെയും പാരലൽ കോളേജ് കുട്ടികളെയും ബലമായി പിടിച്ച് പുറത്തിറക്കി. പിന്നെ പിറവം ടൗണിൽ ബസ് ഓടാതെയായി. ഈ സമയത്താണ് കോളേജ് ബസ്സിലെ കുട്ടികളെ കൊണ്ടു പോകാൻ ബസ് കോളേജിലേക്ക് വരുന്നത്. കോളേജിന്റെ മുൻപിൽ ബസ് കണ്ടയുടനെ തൊഴിലാളികളെല്ലാം ഇറങ്ങിവന്ന് ബസ് തടഞ്ഞു നിർത്തി കുട്ടികളെയെല്ലാം ബലമായിട്ട് പിടിച്ചിറക്കി. പെൺകുട്ടികളെയും പിടിച്ചിറക്കി. പെൺകുട്ടിൾ കരഞ്ഞു. ടൗണിൽ വച്ചാണ് സംഭവം നടന്നത്. അപ്പോൾ നാട്ടുകാർ ചുറ്റും കൂടി. ഇത് അറിഞ്ഞുകൊണ്ട് പോലീസ് അവിടെയെത്തി കുട്ടികളെ ഓടിക്കുകയാണ് ചെയ്തത്. കുട്ടികളുടെ നേരെ പോലീസ് ലാത്തിചാർജ് നടത്തി. അതിനെ തുടർന്ന് പ്രശ്നമായി. നാട്ടുകാർ ഇടപെട്ടു. കുട്ടികളും വിദ്യാർത്ഥി നേതാക്കളും പോലീസ് തമ്മിൽ ഒരു ചർച്ച അവിടെ നടന്നു. ഈ ചർച്ച നടക്കുന്നയവസരത്തിലാണ് ബസ് തൊഴിലാളി യൂണിയന്റെ നേതാവ് കെ.പി. സലിം, കോപ്രസ് വീട്ടിൽ വിനോദ്, പട്ടശ്ശേരിയിൽ രാജു. കെ.എം.ബി. വണ്ടിയിലെ ഡ്രൈവർ സുരേഷ്, ശ്രീ നിലയം വീട്ടിൽ ശശി, പിറവം പേപ്പർമാർട്ട് നടത്തുന്ന ഒരു ബാബു, ബേബിയുടെ മകൻ ബിജു തുടങ്ങിയവർ ഈ കുട്ടികളെ വീണ്ടും പോലീസിന്റെ സാന്നിദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly